# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.244 27/02/2017-ൽ മറുപടിക്ക്

### നിലമ്പൂർ ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി. അൻവർ : | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) 2016-2017 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ നിലമ്പൂർ ഫയർ സ്റ്റേഷന് പ്രഖ്യാപിച്ചിരുന്ന 5 കോടി രൂപ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ; | എ) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ നിലമ്പൂർ ഫയർ സ്റ്റേഷനുവേണ്ടി തുക വകയിരുത്തിയിട്ടില്ല. |
| ബി) നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ; | ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഫയർ & റെസ്ക്യൂ സർവീസസ് വകുപ്പിലേക്ക് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| സി) നിലമ്പൂർ ഫയർ സ്റ്റേഷനിൽ എത്ര ജീവനക്കാരുടെ കുറവുണ്ട്; എന്തെല്ലാം ഉപകരണങ്ങളുടെ അപര്യാപ്തതയാണ് ഫയർ സ്റ്റേഷനിലുള്ളത്; വിശദാംശങ്ങൾ നൽകുമോ ; | സി) നിലമ്പൂർ നിലയത്തിൽ രണ്ട് ലീഡിംഗ് ഫയർമാൻ, രണ്ട് ഫയർമാൻ ഡ്രൈവർ, മൂന്ന് ഫയർമാൻ എന്നീ ഒഴിവുകളാണുള്ളത്.<br>നിലമ്പൂർ നിലയത്തിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ആവശ്യമായ ഉപകരണം | എണ്ണം |
|---|---|---|
| 1 | ക്യൂ.ആർ.വി. | 1 |
| 2 | സ്കൂബ (ലൈറ്റ് വെയ്റ്റ്)സ്പെയർ സിലിണ്ടർ ഉൾപ്പെടെ | 4 |

| | | |
|---|---|---|
| 3 | എയർ ഫില്ലിംഗ് കംപ്രസ്സർ(ബി.എ. സെറ്റ്, സ്കൂബ എന്നിവയ്ക്ക്) | 1 |
| 4 | ഫയർ സ്യൂട്ട്(ഗം ബൂട്ട്, ഹെൽമറ്റ് ഉൾപ്പെടെ) | 10 |
| 5 | ഇൻഫ്ളാറ്റബിൾ എമർജൻസി ലാമ്പ് | 2 |
| 6 | കോൺക്രീറ്റ് കട്ടർ & ചിപ്പർ | 2 സെറ്റ് |
| 7 | പോർട്ടബിൾ ജനറേറ്റർ | 1 |
| 8 | ബി.എ.സെറ്റ് (സ്പെയർ സിലിണ്ടർ ഉൾപ്പെടെ) | 5 |

ഡി) ആവശ്യത്തിന് ഉപകരണങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഉപകരണങ്ങളുടെ അപര്യാപ്തത സൂചിപ്പിച്ച് സർക്കാരിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

ഡി) നിവേദനം ലഭിച്ചിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത കണക്കിലെടുത്തും മറ്റു നിലയങ്ങളോടൊപ്പം നിലമ്പൂർ നിലയത്തിലേയ്ക്കും കൂടുതൽ ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ